**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3186** **14-02-2024 - ൽ മറുപടിയ്ക്ക്**

**തീരദേശ റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ റോഡുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി വള്ളിക്കുന്ന് മണ്ഡലത്തിൽ നടപ്പ് സാമ്പത്തിക വർഷം എത്ര ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | തീരദേശ റോഡുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി വള്ളിക്കുന്ന് മണ്ഡലത്തിൽ നടപ്പ് സാമ്പത്തിക വർഷം (2023-24) രണ്ട് റോഡുകൾക്കായി 192.80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ രണ്ട് പ്രവൃത്തികളും പുരോഗമിച്ചു വരുന്നു. |
| (ബി) | വള്ളിക്കുന്ന് കോന്നംകുഴി വാടി റോഡ്, കടലുണ്ടി നഗരം ഹിറോസ് നഗർ ചാമ്പ്രയിൽ റോഡ് എന്നീ 2 തീരദേശ റോഡുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിന് ഫണ്ട് അനുവദിക്കുമോ; വിശദമാക്കാമോ; | (ബി) | വള്ളിക്കുന്ന് കോന്നംകുഴി വാടി റോഡിന്റെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം ഭരണാനുമതി നൽകാൻ സാധിച്ചില്ല.<br><br>കടലുണ്ടി നഗരം ഹിറോസ് നഗർ ചാമ്പ്രയിൽ റോഡ് നവീകരിക്കുന്നതിന്റെ ഭാഗമായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (സി) | കടലുണ്ടികടവ് ബോട്ട് ജെട്ടി നീളം കൂട്ടി നിർമ്മിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിനായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | കടലുണ്ടികടവ് ബോട്ട് ജെട്ടി നീളം കൂട്ടി നിർമ്മിക്കുന്നതിന്റെ ഭാഗമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം ഭരണാനുമതി നൽകാൻ സാധിച്ചില്ല. |

സെക്ഷൻ ഓഫീസർ